| പൊതുവിദ്യാഭ്യാസ വകുപ്പ് *ഡയറ്റ്എറാണാകുളം | | |
|---|---|---|
| UNIVERSAL SCHOLARS | | |
| USSCRASH - 2020-21 | | |
| **USS D7( FN )** | **അടിസ്ഥാനപാഠാവലി** | **Work Sheet : 1** |

**മേഖല-വാക്യശുദ്ധി ,ശൈലി , എതിർപദം**

1. ശരിയായ വാക്യം ഏത്?

A. മഴയത്ത് കരിഞ്ഞു നിന്ന സസ്യങ്ങൾ തളിരിട്ടു.

B. കരിഞ്ഞു നിന്ന സസ്യങ്ങൾ മഴയത്ത് തളിരിട്ടു.

C. സസ്യങ്ങൾ മഴയത്ത് കരിഞ്ഞു നിന്ന് തളിരിട്ടു.

D.സസ്യങ്ങൾ കരിഞ്ഞു നിന്ന് തളിരിട്ടു മഴയത്ത്.

2.ശരിയായ പ്രയോഗം ഏത്?

A.അയാൾക്ക് ആകാശത്തിലെ കാഴ്ചകൾ സദാ എപ്പോഴും അവിശ്വസനീയമായി തോന്നിയിരുന്നു

B. അയാൾക്ക് ആകാശത്തിലെ കാഴ്ചകൾ എപ്പോഴും അവിശ്വസനീയമായി തോന്നിയിരുന്നു.

C.ആകാശത്തിലെ കാഴ്ചകൾ എപ്പോഴും സദാ അവിശ്വസനീയമായി തോന്നിയിരുന്നു.

D. എല്ലായ്പ്പോഴും അയാൾക്ക് ആകാശകാഴ്ചകൾ സദാ അവിശ്വസനീയമായി തോന്നിയിരുന്നു.

3. ശരിയേത് ?

A.എല്ലാ തിങ്കളാഴ്ച തോറും വ്രതമനുഷ്ഠിക്കുക എന്റെ പതിവായിരുന്നു.

B. തിങ്കളാഴ്ച തോറും വ്രതമനുഷ്ഠിക്കുക എന്റെ പതിവായിരുന്നു.

C.എല്ലാ തിങ്കളാഴ്ചകൾ തോറുംവ്രതമനുഷ്ഠിക്കുക എന്റെ പതിവായിരുന്നു.

D. എല്ലാ തിങ്കളാഴ്ചകളിൽ എന്നും വ്രതമനുഷ്ഠിക്കുക എന്റെ പതിവായിരുന്നു.

4. ശരിയായ വാക്യം ഏത്? A.മിത്രത്തിന്റെ ക്ഷണനം ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു.

B.മിത്രത്തിന്റെ ക്ഷണിതം ഞാൻ സസന്തോഷത്തോടെ സ്വീകരിച്ചു.

C.മിത്രത്തിന്റെ ക്ഷണം ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു.

D. മിത്രത്തിന്റെ ക്ഷണം ഞാൻ സസന്തോഷപൂർവ്വം സ്വീകരിച്ചു.

DIETEKM

5. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?

A. ആത്മനിഷ്ഠമായ കാര്യങ്ങൾ സ്വയം മാത്രമേ ചെയ്യാറുള്ളൂ.

B.ആത്മനിഷ്ഠമായ കാര്യങ്ങളെ ഞാൻ ചെയ്യാറുള്ളൂ.

C. ഞാൻ ആത്മനിഷ്ഠമായ കാര്യങ്ങൾ സ്വയം ചെയ്യാറുണ്ട്.

D.എന്റെ ആത്മനിഷ്ഠമായ കാര്യങ്ങൾ ഞാൻ തന്നെ സ്വയം ചെയ്യാറുണ്ട്.

6.'ഗണപതി കൈ' എന്ന ശൈലിയുടെ അർത്ഥം?

A. ഗണപതിയുടെ കൈ

B. ആരംഭം

C. അവസാനം

D. മധ്യഭാഗം

7. 'കൂപമണ്ഡൂകം' എന്ന ശൈലിയുടെ അർത്ഥം?

A. ലോക വിവരമില്ലാത്തവൻ

B. ബുദ്ധിമാൻ

C. അധോമുഖൻ

D.ബഹിർമുഖൻ

8. 'തീ പിടിക്കുക' എന്ന ശൈലിയുടെ അർത്ഥം?

A.ജീവിക്കുക

B. തീ കെടുത്തുക

C. മരിക്കുക

D. ജനിക്കുക

9. 'വ്യാഴവട്ടം' എന്ന ശൈലിയുടെ അർത്ഥം?

A. വ്യാഴം എന്ന ഗ്രഹം

B. വെളിച്ചം

C. 12 വർഷം

D. ആഴ്ചയുടെ പേര്.

10.'ദീപാളി കുളിക്കുക'

A. നശിക്കുക

B. ആരംഭിക്കുക

C. ദീപാവലി കാണുക

D.ദീപങ്ങൾകൊണ്ട് കുളിക്കുക

DIETEKM

11.'ഓണം കേറാമൂല' എന്ന ശൈലിയുടെ അർത്ഥം?

A. ഓണത്തിനുള്ള മൂല

B. കുഗ്രാമം

C. വികസിത ഗ്രാമം

D. ഓണപ്പൂക്കളത്തിന്റെ മൂല.

12.'കുതിര കയറുക' എന്ന ശൈലിയുടെ അർത്ഥം?

A.കുതിരപ്പുറത്ത് കയറുക

B. കാര്യമില്ലാതെ ഉപദ്രവിക്കുക

C.കുതിച്ചു പായുക.

D.കുതിരയുടെ കൂടെ കയറുക.

13.'സിംഹഭാഗം' എന്ന ശൈലിയുടെ അർത്ഥം?

A. സിംഹത്തിന്റെ ഭാഗം.

B. സിംഹത്തിനെ ത്യാഗം

C. വലിയ പങ്ക് .

D.ഏറ്റവും ചെറിയ പങ്ക്

14. 'കാക്ക മലർന്നു പറക്കുക'

A.നടക്കാത്ത കാര്യം

B.കൈകാലിട്ടടിക്കുക.

C.കുതിച്ചു പറക്കുക.

D. നടക്കാൻ സാധ്യതയുള്ള കാര്യം

15.'താപ്പാന'എന്ന ശൈലിയുടെ അർത്ഥം?

A.പെണ്ണാന

B. കൊമ്പൻ

C. അപരിചിതൻ

D. പരിചയ സമ്പന്നൻ

16.'കോപ്പ് കൂട്ടുക' എന്ന ശൈലിയുടെ അർത്ഥം.?

A. തകർക്കുക

B. ആഹ്ലാദിക്കുക

C. ഒരുങ്ങുക

D. അവസാനിപ്പിക്കുക

DIETKM

17.'ഇടങ്കോലിടുക'എന്ന ശൈലിയുടെ അർത്ഥം?

A.തടസ്സപ്പെടുത്തുക

B. ഇടയ്ക്ക് കയറുക

C. തുടരുക

D. അവസാനം കയറുക

18. 'കാറ്റുള്ളപ്പോൾ പാറ്റുക' എന്ന ശൈലിയുടെ അർത്ഥം?

A. കാറ്റുള്ളപ്പോൾ പ്രവർത്തിക്കുക.

B. അനവസരത്തിൽ പ്രവർത്തിക്കുക.

C. അവസരം നോക്കി പ്രവർത്തിക്കുക.

D. കാറ്റുള്ളപ്പോൾ പറക്കുക.

19.'കച്ച കെട്ടുക'എന്ന ശൈലിയുടെ അർത്ഥം?

A. ഓടി കളയുക

B. ഒരുങ്ങി ഇറങ്ങുക

C. കച്ച എടുത്തു കെട്ടുക.

D.കച്ച കൊണ്ട് കെട്ടുക

20.'ഉപ്പില്ലാത്ത കഞ്ഞി' എന്ന ശൈലിയുടെ അർത്ഥം?

A. അത്യാവശ്യം വേണ്ടുന്നത് ഇല്ലാതിരിക്കുക.

B. കഞ്ഞിക്ക് ഉപ്പ് ഇല്ലാതിരിക്കുക.

C.ഉപ്പിട്ട കഞ്ഞി

D.ഒന്നും ഇല്ലാതിരിക്കുക.

21. 'ഉരുളക്കുപ്പേരി' എന്ന ശൈലിയുടെ അർത്ഥം?

A. കലഹിക്കുക

B. ഒപ്പത്തിനൊപ്പം

C. മത്സരിക്കുക

D. ഉപ്പേരി ഉണ്ടാക്കുക

22. 'അക്കരപ്പച്ച' എന്ന ശൈലിയുടെ അർത്ഥം?

A. അക്കരെ പച്ചപ്പാർന്ന പ്രദേശമുണ്ട്.

B. സ്വന്തമല്ലാത്ത സൗഭാഗ്യത്തെക്കുറിച്ചുള്ള ചിന്ത.

C. ദൂരെയുള്ള തുരുത്ത്.

D. പച്ചപ്പിനെ കുറിച്ചുള്ള ചിന്ത.

DIETEKM

23. 'വിദ്വാൻ' എതിർലിംഗം ഏത്?

A. വിദുഷി

B.ശുദ്ധൻ

C. സമർത്ഥൻ

D. ശാന്തൻ

24. 'ഉഷ്ണം' എതിർപദം

A. താപം

B. ശീതം

C. പീതം

D. കാതം

25.'പൂർവ്വം' എതിർ പദം ഏത്?

A. ദക്ഷിണം

B. പശ്ചിമം

C. ഉത്തരം

D.സ്നേഹം

26. 'പാശ്ചാത്യം' എതിർപദം.?

A.പൗരസ്ത്യം

B. ദക്ഷിണം

C. ഉത്തരം

D. പൂർവ്വം

27. 'പ്രശാന്തം'എതിർപദം?

A. പ്രകാരം

B. പ്രക്ഷുബ്ധം

C. പ്രകാശം

D. പ്രണാമം

28. 'കൃതജ്ഞൻ' എതിർപദം?

A. കൃതഘ്നൻ

B. അവിശ്വാസി

C. വിശ്വാസി

D. അജ്ഞൻ

DIETEKM

29. 'കുപിതൻ' എതിർപദം?

A. കനിഷ്ഠൻ

B. മുദിതൻ

C. അനിഷ്ടൻ

D. വിനീതൻ

30. 'ആദി' വിപരീത പദം?

A. അനാദി

B. അനവദ്യം

C. അന്ത്യം

D. അതുല്യം

DIETEKM